I/119082/2023

**തിരുവനന്തപുരം ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (എ & ടി) യുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-01/11/2007 മുതൽ 31/ 12/2010 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 താൽക്കാലിക സീനിയോറിറ്റിപട്ടിക പ്രസിദ്ധീകരിച്ച ഉത്തരവാകുന്നു.

പരാമർശം:-

1 ) ഉത്തരവ് നം .ഇ.എസ് 1/1431/2018 / ആ.വ.ഡ തീയതി. 31/05/ 2022.

2) O.A (EKM) No. 203/2021. OA No. 33/2021 കേസുകളിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23/02/2023 ലെ അന്തിമ വിധി.

3) ബഹു. കേരള ഹൈക്കോടതിയിലെ OP (KAT) No.97/2023 എന്ന കേസിലെ 14-03-2023 ലെ ഇടക്കാല ഉത്തരവ് .

4) സ.ഉ. (സാധാ) നം.1181 / 2023 / ആ.ക.വ തീയതി. 18/05/2023

5) ബഹു. കേരള ഹൈക്കോടതിയിലെ OP (KAT) No.97/2023 മേൽ 10-8-2023 ലെ ഇടക്കാല ഉത്തരവ്.

6) സർക്കാർ കത്ത് നമ്പർ-സി2 /59/ 2021 (പി 1 ) ആ.ക.വ തീയതി. 02/12 / 2023

**(I)**

**ഉത്തരവ് നമ്പർ. ഇ.എസ് 1/6564/2023 /ആ.വ.ഡ തീയതി. 07-12-2023**

മേൽ പരാമർശം 1 പ്രകാരം 01/11/2007 - 31/12/2010 കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. 01/01/1997 — 31/03/2000 കാലഘട്ടത്തിലെ സീനിയോറിറ്റി പട്ടിക തയ്യാറാക്കിയ മാനദണ്ഡം അനുസരിച്ച 01-04-2000 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കണം എന്നാവശ്യപ്പെട്ട ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ O.A No.33/2021, O.A (EKM)No. 203/2021 എന്നീ കേസുകൾ ഫയൽ ചെയ്യുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം ( 2 ) പ്രകാരം ഉള്ള ഉത്തരവിൽ 01-04 -2000 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് പി.എസ്‌സി നിയമന ശുപാർശയുടെ അടിസ്ഥാനത്തിലല്ലാതെ 01/01/1997- 31/03/2000 കാലഘട്ടത്തിലെ സീനിയോറിറ്റി പട്ടികയുടെ മാതൃകയിൽ സ്പെഷ്യൽ റൂൾസ് പ്രകാരം ഉള്ള യോഗ്യത മാനദണ്ഡമാക്കി പുതുക്കാൻ ഉത്തരവായിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പ്രസ്തുത ഉത്തരവ് പാലിച്ചുകൊണ്ട് സർക്കാർ പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതു പ്രകാരം 01/04/2000 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് പുതുക്കുവാൻ നിർദ്ദേശിച്ചിരുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെതിരെയും പരാമർശം (4) സർക്കാർ ഉത്തരവിനെതിരെയും OP(KAT) 97/2023, OP(KAT)218/2023എന്നിവ ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരുന്നു.

OP(KAT)97/2023 മേൽ പരാമർശം (3) പ്രകാരം ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല വിധിന്യായത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശിച്ച പ്രകാരം എത്രയും വേഗം സീനിയോറിറ്റി പട്ടിക തയ്യാറാക്കുവാനും ആയതു കോടതിയിൽ സീൽഡ് കവറിൽ സമർപ്പിക്കുവാനും ഉത്തരവായിരുന്നു. ആയതിൻപ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ബഹു. ഹൈകോടതി മുൻപാകെ സമർപ്പിച്ചിരുന്നു. സീനിയോറിറ്റി ലിസ്റ്റ് സംബന്ധമായ വിഷയം ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന S.L.P ( C ) 12363 / 2018 ലെ പരിഗണനവിഷയമായതിനാൽ പുതുക്കിയ സീനിയോറിറ്റി പട്ടിക പ്രൊവിഷണൽ സീനിയോറിറ്റി പട്ടിക ആയി പരിഗണിച്ച KS&SSR- ഭാഗം II റൂൾ 31 (a)(1 ) പ്രകാരം താത്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനായി ഉപയോഗിക്കാമെന്ന് ബഹു. ഹൈക്കോടതി പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച വിധിയിൽ ഉത്തരവായിരിക്കുന്നു. പരാമർശം (6)

I/119082/2023

സർക്കാർ കത്തിൽ സീനിയോറിറ്റി പട്ടിക ചട്ടപ്രകാരമുള്ള നടപടി പൂർത്തിയാക്കി പ്രസിദ്ധീകരിക്കുവാൻ നിർദേശിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യത മാനദണ്ഡമാക്കി 01/11/2007-31/12/2010 കാലയളവിലെ ജെഎച്ച് ഐ ഗ്രേഡ്II തസ്തികയിലെ പ്രൊവിഷണൽ സീനിയോരിറ്റി പട്ടിക ലിസ്റ്റ് 1 ഉം ലിസ്റ്റ് 2 വുമായി ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത പട്ടികയിൽ സ്പെഷ്യൽ റൂൾസിലെ യോഗ്യത മാനദണ്ഡങ്ങളാക്കിയുള്ള സീനിയോരിറ്റി സംബന്ധിച്ച അപ്പീലുകൾ ഒഴികെ, inclusion, തയ്യാറാക്കിയ പട്ടികയിലുള്ള തിരുത്തലുകൾ എന്നിവയിന്മേൽ അപ്പീലുകൾ ഉണ്ടെങ്കിൽ അനുബന്ധരേഖകളോടൊപ്പം ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം ഉചിത മാർഗ്ഗേണ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിതസമയപരിധിയ്ക്ക് ശേഷം ലഭിക്കുന്ന അപ്പീലുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

Signed by
Dr. Jayasree V
Date: 07-12-2023 12:01:21

DR. JAYASREE V
ADDITIONAL DIRECTOR OF HEALTH SERVICES

അഡിഷണൽ ഡയറക്ടർ (എ & ടി)

സ്വീകർത്താവ്

ബന്ധപ്പെട്ട എല്ലാ ജീവനക്കാരും

പകർപ്പ്: 1 . എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2 . ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3 . സൂപ്രണ്ട് , ഇ.ജി സെക്ഷൻ
4 . ഫയൽ / കരുതൽ ഫയൽ